● എം.ജി. കലോൽസവം

# 42 പോയിന്റുമായി എറണാകുളം സെന്റ് തെരേസാസ് മുന്നിൽ

കൊച്ചി: മഹാത്മാഗാന്ധി യുവജനോത്സവം അനേകയിൽ 42 പോയിന്റുമായി എറണാകുളം സെന്റ് തെരേസാസ് മുന്നിൽ. 26 പോയിന്റുമായി എറണാകുളം മഹാരാജാസ് കോളേജാണ് തൊട്ടുപിന്നിൽ. എസ്.എച്ച് കോളേജ് തേവര 19 പോയിന്റുമായി മൂന്നാം സ്ഥാനത്തുണ്ട്. കാലടി ശ്രീശങ്കര, ആർ.എൽ.വി തൃപ്പൂണിത്തുറ, ബി.എസ്.ഒ.എൽ.എസ് ചൂണ്ടി എന്നീ കോളേജുകൾ യഥാക്രമം 13, 12, 06 പോയിന്റുകൾ നേടി.



■ എറണാകുളത്ത് നടക്കുന്ന എം.ജി യൂണിവേഴ്സിറ്റി കലോൽസവത്തിൽ ട്രാൻസ്ജന്റർ വിഭാഗം ഭരതനാട്യ മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ എറണാകുളം സെന്റ് തെരേസാസ് കോളേജിലെ സൻജന ചന്ദ്രൻ.

## ഇരുട്ടിവെളുത്തിട്ടും തീരാതെ മത്സരങ്ങൾ; 12 നും തീരില്ലെന്നാശങ്ക

ബൈജു ഭാസി

പി.ആർ രാജേഷ്

കൊച്ചി: മഹാത്മാഗാന്ധി യുവജനോത്സവം 'അനേക'യിൽ മത്സരങ്ങൾ അനന്തമായി നീണ്ടുപോകുന്നത് കല്ലുകടിയായി. മത്സരങ്ങൾ അനന്തമായി നീണ്ടാൽ അവസാനദിനമായ 12 നും അവസാനിക്കാനിടയില്ലെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. അതിനു പുറമേ മത്സരങ്ങൾ വേദി മാറ്റുന്നതും മത്സരാർഥികളെ കുറച്ചൊന്നുമല്ല വലയ്ക്കുന്നത്.

ഒരിനത്തിൽത്തന്നെ രാപ്പകൽ മത്സരം വേണ്ടിവരുന്നത് പോയവർഷത്തെ കലോത്സവത്തിലും പരാതികൾക്കിടവരുത്തിയിരുന്നു. എന്നിട്ടും ഇക്കുറിയും ഈ പിഴവ് നികത്താൻ കഴിഞ്ഞില്ലെന്നത് പോരായ്മയായി. ഉദ്ഘാടന ദിവസമായ എട്ടാം തീയതി രാത്രി ആരംഭിച്ച തിരുവാതിര കഴിഞ്ഞത് പിറ്റേന്ന് ഉച്ചകഴിഞ്ഞ് നാലു മണിക്ക്. 50 ഓളം ടീമുകളാണ് മത്സരിച്ചത്. ഇതാണ് പരിപാടി നീണ്ടുപോകാനിടയാക്കിയതെന്നാണ് സംഘാടകർ പറയുന്നത്.

കേരള നടനവും സമാനമായി നീണ്ടുപോയിരുന്നു. കേരള നടനം എട്ടിന് രാത്രി എട്ടിന് തുടങ്ങുമെന്ന പറഞ്ഞിരുന്നെങ്കിലും 11 മണി ആയപ്പോഴാണ് ആരംഭിച്ചത്. മത്സരം തീർന്നതാകട്ടെ ഒമ്പതാം തിയതി ഉച്ചയ്ക്കും. ബ്രേക്കില്ലാതെയാണ് മത്സരങ്ങൾ നടത്തിയത്. മഹാരാജാസിന്റെ ഹോസ്റ്റൽ മൈതാനിയിലെ ഒന്നാം നമ്പർ വേദിയിലായിരുന്നു തിരുവാതിര. മത്സരം നീണ്ടുപോയതോടെ ഇവിടെ നടത്താൻ നിശ്ചയിച്ചിരുന്ന പെൺകുട്ടികളുടെ മോണോ ആക്ട് പിന്നെ വേദിമാറ്റി നടത്തി. മിക്ക മത്സരങ്ങളിലും ശരാശരി 50 ലേറെ മത്സരാർഥികളുടെ സാന്നിധ്യമാണുണ്ടായത്. ചിലയിനങ്ങളിൽ മത്സരിക്കുന്നവരുടെ എണ്ണം 70 കടന്നു. ഇന്നലെ വൈകിട്ട് മഹാരാജാസിലെ നാലാം വേദിയിൽ ആരംഭിക്കേണ്ടിയിരുന്ന കാവ്യകേളി വേദി ഒമ്പതിലേക്കു മാറ്റി.



## 'അനേക'യ്ക്ക് അനേകം കാണികൾ

കൊച്ചി: എം.ജി. സർവകലാശാല കലോത്സവം 'അനേക'യ്ക്കു കാണികൾ ആയിരങ്ങൾ. എറണാകുളം മഹാരാജാസ്, ലോ കോളജ് എന്നിവിടങ്ങളിലെ എട്ടു വേദികളിൽ നടക്കുന്ന മത്സരങ്ങൾ നടക്കുന്നത് നിറഞ്ഞ സദസിനു മുന്നിൽ. അക്ഷരശ്ളോകം മുതൽ തിരുവാതിരവരെ അരങ്ങിലെത്തിയപ്പോൾ ഇരിപ്പിടങ്ങൾ നിറഞ്ഞിരുന്നു.

വിദ്യാർഥികളും അധ്യാപകരും രക്ഷിതാക്കളുമെല്ലാം ആസ്വാദകരായി എത്തിയിരുന്നു. നഗരങ്ങളിലെ വിവിധ കോളജുകളിൽ നിന്ന് നൂറുകണക്കിനു വിദ്യാർഥികളാണ് മത്സരവേദികളിലേക്ക് ഒഴുകിയെത്തിയത്. മഹാരാജാസ്, ലോ കോളജ് തേവര എസ്.എച്ച്. എന്നിവിടങ്ങളിലെ വിദ്യാർഥികൾ ഒട്ടെല്ലാ വേദികളും സജീവമായി രംഗത്തുണ്ട്.

താരതമ്യേന കാണികൾ കുറവുണ്ടാകുന്ന കഥകളി കാണാൻ മഹരാജാസിലെ മൂന്നാം നമ്പർ വേദിയിൽ കളിയാരാധാകർ നിറഞ്ഞെത്തിയത് അത്ഭുതക്കാഴ്ചയായി.

മുതിർന്നവരേപ്പോലെ തന്നെ വിദ്യാർഥികളുടെ സാന്നിധ്യവും വേദികളിൽ ശ്രദ്ധയാകർഷിച്ചു. മഹാരാജാസിലെ നാലാം വേദിയിൽ നടന്ന അക്ഷരശ്ളോകത്തിന്റെ ഹാൾ ചെറുതായിരുന്നുവെങ്കിലും കാണികൾ തിങ്ങിനിറഞ്ഞിരുന്നു.

മഹാരാജാസിലെ വേദി ഒന്നിൽ (ഹോസ്റ്റൽ മൈതാനം)ആദ്യം നിശ്ചയിച്ചിരുന്ന മോണോ ആക്ട് കോളജിനുള്ളിലെ വേദിയായ നാലിലേക്ക് മാറ്റിയിരുന്നു.

പെൺകുട്ടികളുടെ മോണോആക്ട് വേദിയിൽ കാണികൾക്ക് ഇരിക്കാൻ സ്ഥലം മതിയായിരുന്നില്ല. ഇടുങ്ങിയ സ്ഥലമായതിനാൽ ചൂടും അസഹീനയമായിരുന്നുവെന്ന് കാണികൾ പറഞ്ഞു.



■ എം.ജി യൂണിവേഴ്സിറ്റി കലോത്സവത്തിൽ കഥകളി മത്സരത്തിൽ തൃപ്പൂണിത്തുറ ആർ.എൽ.വി.കോളേജ് അജീഷ് ബാബുവിന്റെ പ്രകടനം.

## തിരുവാതിരയിൽ കാലടി ശ്രീശങ്കര

കൊച്ചി: എം.ജി. സർവകലാശാല കലോത്സവം 'അനേക'യിൽ തിരുവാതിരയിൽ കാലടി ശ്രീശങ്കര കോളജ് ടീമിന് മിന്നുന്ന വിജയം. രണ്ടാം സ്ഥാനം എറണാകുളം സെന്റ് തെരേസാസ് കോളജിനാണ്. ഇടുക്കി മൂലമറ്റം സെന്റ് ജോസഫ്സ് കോളജ് മൂന്നാം സ്ഥാനം നേടി. എട്ടാം തീയതി രാത്രി 11 ന് തുടങ്ങിയ തിരുവാതിര മത്സരം കഴിഞ്ഞപ്പോൾ പിറ്റേന്ന് വൈകുന്നേരം 4 മണികഴിഞ്ഞിരുന്നു. ഏറ്റവും ദൈർഘ്യമേറിയ മത്സരയിനമായി തിരുവാതിര മാറി. തുടങ്ങാൻ വൈകിയതും ടീമുകളുടെ എണ്ണക്കൂടുതലായിരുന്നു തിരുവാതിര മത്സരം വൈകിപ്പിച്ചത്.



■ എം.ജി യൂണിവേഴ്സിറ്റി കലോത്സവത്തിൽ തിരുവാതിര ഒന്നാം സ്ഥാനം നേടിയ ശ്രീശങ്കര കോളേജ് കാലടി ടീം.

### കേരളനടനത്തിൽ തേജ സുനിൽ

കൊച്ചി: കേരളനടനത്തിന്റെ ലാസ്യഭംഗി ആവോളം പ്രേക്ഷകരിലേക്ക് എത്തിച്ച മത്സരം മികച്ച നിലവാരം പുലർത്തി. എറണാകുളം സെന്റ് തെരേസാസ് കോളജിലെ തേജ സുനിൽ ഒന്നാം സ്ഥാനം നേടി. പത്തനംതിട്ടയിൽ നടന്ന പോയവർഷത്തെ എം.ജി. കലോത്സവത്തിലെ കലാതിലകമായിരുന്നു തേജ. തേവര എസ്.എച്ചിലെ പല്ലവി ആർ. നായർ, ചങ്ങനാശേരി എസ്.ബി. കോളജിലെ കെ.എം. ഹരികൃഷ്ണൻ എന്നിവർ രണ്ടാം സ്ഥാനവും തൃപ്പൂണിത്തുറ ആർ.എൽ.വി. കോളജിലെ ജംഷീന ജമാൽ മൂന്നാം സ്ഥാനവും നേടി. ആദ്യ നാലു സ്ഥാനക്കാർക്കും എ ഗ്രേഡ് ആണ് ലഭിച്ചത്. 41 പേരാണ് കേരളനടനത്തിൽ പങ്കെടുത്തത്. ഏഴ് ആൺകുട്ടികളും മത്സരിക്കാനെത്തിയിരുന്നു. തൃപ്പൂണിത്തുറ ആർ.എൽ.വി. കോളജിലെ ട്രാൻസ്ജെൻഡർ തൻവിയും കേരളനടനത്തിൽ പങ്കെടുത്തിരുന്നു. കഥകളിയിലെ അഭിനയവും മോഹിനിയാട്ടത്തിന്റെ ചുവടുകളും സമഞ്ജസിപ്പിച്ചുകൊണ്ട് രൂപംകൊടുത്ത നൃത്തയിനമാണ് കേരളനടനം. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും വെവ്വേറെ മത്സരമായിരുന്നു വേണ്ടിയിരുന്നതെന്ന് മത്സരാർഥികളിൽ ചിലർ അഭിപ്രായപ്പെട്ടിരുന്നു.

### ബിനാലെയിൽ എം.ജി വിദ്യാർഥികൾക്ക് സൗജന്യ നിരക്ക്

കൊച്ചി: എം.ജി സർവ്വകലാശാല കലോത്സവം പ്രമാണിച്ച് എം.ജി സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിലെ വിദ്യാർഥികൾക്ക് സൗജന്യ നിരക്കിൽ കൊച്ചി മുസിരിസ് ബിനാലെ കാണുന്നതിന് പ്രത്യേക അവസരം. അഞ്ചു വിദ്യാർഥികളുൾപ്പെട്ട ഒരു സംഘത്തിനു 150 രൂപയ്ക്ക് ബിനാലെ കാണാം. ഇന്ന് മുതൽ സർവ്വകലാശാല കലോൽസവം സമാപിക്കുന്ന ഈ മാസം 12 വരെയാണ് സൗജന്യ നിരക്ക്. ഫോർട്ടുകൊച്ചി ആസ്പിൻവാളിലെ ടിക്കറ്റ് കൗണ്ടറിൽ ഐഡന്റിഫിക്കേഷൻ കാർഡ് കാണിച്ചാൽ സൗജന്യ നിരക്കിൽ ടിക്കറ്റ് ലഭ്യമാകും. നിലവിൽ സാധാരണ നിരക്ക് 150, മുതിർന്നവർക്ക് 100, വിദ്യാർത്ഥികൾക്ക് 50 എന്നിങ്ങനെയാണ് നിരക്ക്.

## കാലിക വിഷയങ്ങളിലൂന്നി മോണോ ആക്ട്

കൊച്ചി: സമകാലിക വിഷയങ്ങൾ നിറഞ്ഞുനിന്ന മോണോ ആക്ട് വേദി കാണികളുടെ കൈയടി നേടി. നരബലി, മയക്കുമരുന്ന്, തിന്മകൾക്കെതിരേ പ്രതികരിക്കാത്ത സമൂഹം, ദലിത് വിഷയം, പശുഇറച്ചി, സമ്പന്ന മേധാവിത്വം തുടങ്ങി വിഷയങ്ങളാൽ സമ്പന്നമായിരുന്നു മോണോ ആക്ട് മത്സരം.

രാവിലെ ഒമ്പതിന് വേദി ഒന്നിലാണ് മോണോ ആക്ട് മത്സരം നിശ്ചിയിച്ചിരുന്നതെങ്കിലും അവിടെ തിരുവാതിര മത്സരം നീണ്ടുപോയതിനാൽ മോണോ ആക്ട് മത്സരം നാലാം വേദിയിലേക്ക് മാറ്റുകയായിരുന്നു.

മൂന്ന് മണിക്കൂറോളം വൈകി ഉച്ചയ്ക്ക് 12മണിയോടെയാണ് മത്സരം ആരംഭിച്ചതെങ്കിലും വിഷയാവതരണത്തിലെ പുതുമ കാണികൾക്ക് വിരുന്നേകി.

റമ്മികളിച്ച് പണംമുഴുവൻ നഷ്ടമാകുന്നതും തുടർന്ന് ആത്മഹത്യചെയ്യുന്നതുമൊക്കെ അവതരിപ്പിച്ച ബിരുദവിദ്യാർഥിനിയായ കന്യാസ്ത്രീയും കാണികളുടെ കൈയടി നേടി. മയക്കുമരുന്നിന്റെ ദുരുപയോഗവും ഐശ്വര്യത്തിനും ആർഭാടത്തിനുമായി നൊന്തുപ്രസവിച്ച മകളെ ബലിനൽകുന്ന വീട്ടമ്മയുമൊക്കെ സമൂഹത്തിൽ പെരുകിവരുന്ന ദുഷ്പ്രവണതകളെ വരച്ചുകാട്ടുന്നതായി.

കുഞ്ഞിനെ കൊന്ന് കാമുകനൊപ്പം ഒളിച്ചോടാൻ ആപ്പ്, നരബലിക്ക് കുഞ്ഞിനെ വിട്ടുകൊടുക്കാൻ ആപ്പ്, പോക്സോ ആപ്പ് തുടങ്ങി ദുഷപ്രവണതകൾക്കൊക്കെ വിവരം നൽകുന്ന ആപ്പ് വേണോ ആപ്പ് ചൂട് ആപ്പ് എന്ന് വിളിച്ചോതിക്കൊണ്ടായിരുന്നു ഒരുമത്സരാർഥിയുടെ രംഗപ്രവേശം.

പ്രേമം നിഷേധിച്ചതിന് പെൺകുട്ടിയെ കുത്തിക്കൊല്ലുന്നതും കാമുകനെ ഒഴിവാക്കാൻ കഷായത്തിലും ജൂസിലുമൊക്കെ വിഷം നൽകുന്നതുമൊക്കെ മോണോ ആക്ടിന് വിഷയമായി. വിനോദ് കുമാർ, മോഹൻ കൃഷ്ണൻ, രതീഷ് കുമാർ രാജൻ എന്നിവരായിരുന്നു 82 പേർ മത്സരിച്ച മോണോആക്ട് മത്സരത്തിലെ വിധികർത്താക്കൾ.

## ഡെന്റ് കെയർ ഫൗണ്ടേഷൻ ഉദ്ഘാടനം 12 ന്

മൂവാറ്റുപുഴ: ജീവകാരുണ്യ സേവന രംഗങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനായി മൂവാറ്റുപുഴ കേന്ദ്രമാക്കി ഡെന്റ് കെയർ ഫൗണ്ടേഷന് രൂപം നൽകി. നിർധനരെ അടക്കം സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നതെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഇതോടൊപ്പം വികസന ക്ഷേമ രംഗങ്ങളിലും ഫൗണ്ടേഷൻ ശ്രദ്ധ പതിപ്പിക്കും. ഉദ്ഘാടന ദിവസം ഡെന്റ് കെയർ ഫൗണ്ടേഷൻ ചെയർമാനും മാനേജിങ് ഡയറക്ടറുമായ ജോൺ കുര്യാക്കോസിന്റെ ജീവചരിത്രമായ 'ഈ പാനപാത്രം നിറഞ്ഞു കവിയുന്നു' എന്ന പുസ്തകത്തിന്റെ പ്രകാശനവും നടക്കും. 12 ന് വൈകിട്ട് 3.30 ന് കടാതി നക്ഷത്ര കൺവൻഷൻ സെന്ററിൽ ഡോ. ശശി തരൂർ എം.പി. ഉദ്ഘാടനം ചെയ്യും.

ഡീൻ കുര്യാക്കോസ് എം.പി., എം.എൽ.എമാരായ മാത്യു കുഴൽനാടൻ, ആന്റണി ജോൺ, അനൂപ് ജേക്കബ്, എൽദോസ് കുന്നപ്പിള്ളി, കേരള ബാങ്ക് ചെയർമാൻ ഗോപി കോട്ടമുറിക്കൽ, മുനിസിപ്പൽ ചെയർമാൻ പി.പി. എൽദോസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, മുൻ എം.പി. ഫ്രാൻസിസ് ജോർജ്, മുൻ എം.എൽ.എ.മാരായ ജോസഫ് വാഴയ്ക്കൻ, ജോണി നെല്ലൂർ, എൽദോ എബ്രഹാം, ബാബുപോൾ തുടങ്ങിയവർ പങ്കെടുക്കും. പ്രഫ. ബേബി എം. വർഗീസ് ആണ് പുസ്തകത്തിന്റെ രചയിതാവ്. സമൂഹനന്മയെ മുൻനിർത്തിയുള്ള ഫൗണ്ടേഷന്റെ വിവിധ പദ്ധതികൾ ചടങ്ങിൽ ചെയർമാൻ ജോൺ കുര്യാക്കോസ് പ്രഖ്യാപിക്കും. ഇതുസംബന്ധിച്ച് നടത്തിയ വാർത്താ സമ്മേളനത്തിൽ സംഘാടകസമിതി ചെയർമാൻ ഫാ. ഡോ. ആന്റണി പുത്തൻകുളം, കൺവീനർ ഏൽദോ ബാബു വട്ടക്കാവിൽ, ഡെന്റ് കെയർ ഡയറക്ടർ എൽദോസ് കെ. വർഗീസ് എന്നിവർ പങ്കെടുത്തു.

## കെ.പി.എസ്.ടി.എ. ജില്ലാ സമ്മേളനത്തിന് ഇന്ന് തുടക്കം

കൊച്ചി: കെപിഎസ്ടിഎ എറണാകുളം ജില്ലാ സമ്മേളനത്തിന് ഇന്ന് തുടക്കം കുറിക്കും. തോപ്പുംപടി മാരിയോൺ ഓഡിറ്റോറിയത്തിൽ നടക്കുന്ന രണ്ട് ദിവസത്തെ സമ്മേളനം സംസ്ഥാന പ്രസിഡണ്ട് സി പ്രദീപ് ഉദ്ഘാടനം ചെയ്യും. തുടർന്ന് നടക്കുന്ന കൗൺസിൽ യോഗം സംസ്ഥാന അസോസിയേറ്റ് ജനറൽ സെക്രട്ടറി കെ എൽ ഷാജു ഉദ്ഘാടനം ചെയ്യും . സംസ്ഥാന സെക്രട്ടറി ടി.യു സാദത്ത് മുഖ്യപ്രഭാഷണം നടത്തും.

ശനിയാഴ്ച രാവിലെ 10 ന് പൊതുസമ്മേളനം ഹൈബി ഈഡൻ എംപി ഉദ്ഘാടനം ചെയ്യും.പ്രതിനിധി സമ്മേളനം കെ ബാബു എംഎൽഎ യും യാത്രയയപ്പ് സമ്മേളനം ഡിസിസി പ്രസിഡണ്ട് മുഹമ്മദ് ഷിയാസും ഉദ്ഘാടനം ചെയ്യും. .ഉച്ചയ്ക്കുശേഷം നടക്കുന്ന സമാപന സമ്മേളനം സംസ്ഥാന സീനിയർ വൈസ് പ്രസിഡണ്ട് കെ അബ്ദുൽ മജീദ് ഉദ്ഘാടനം ചെയ്യുമെന്ന് ജില്ലാ പ്രസിഡണ്ട് രഞ്ജിത്ത് മാത്യു സെക്രട്ടറി അജിമോൻ പൗലോസ് എന്നിവർ അറിയിച്ചു.



■ പെരുമാനൂർ ലൂർദ് മാതാ പള്ളിയിൽ ഇടവക മധ്യസ്ഥയായ ലൂർദ് മാതാവിന്റെ തിരുനാളിന് വികാരി ഫാ. ജെയിംസ് പെരേപ്പാട കൊടിയേറ്റുന്നു. തേവര ആശ്രമം പ്രിയോർ ഫാ. പൗലോസ് കിടങ്ങൻ, പ്രസുദേന്തിമാർ എന്നിവർ സമീപം.

### ഭാരതീയ രത്ന അവാർഡ് യേശുദാസിന്

കൊച്ചി: പൂനെ കേന്ദ്രമായി പ്രവർത്തിക്കുന്ന ഗ്ലോബൽസ്കോളർസ് ഫൗണ്ടേഷൻ മരണാനന്തര ബഹുമതിയായി നൽകുന്ന ഈ വർഷത്തെ ഭാരതിയ രത്ന അവാർഡ് കാർട്ടൂണിസ്റ്റ് യേശുദാസിന്. മാധ്യമപ്രവർത്തനത്തിലും കാർട്ടൂൺ രംഗത്തും നൽകിയ സംഭാവനകൾ പരിഗണിച്ചാണ് അവാർഡ് നൽകുന്നത്. ഈ മാസം 12ന് ഗോവയിൽ നടക്കുന്ന ചടങ്ങിൽ അവാർഡ് സമ്മാനിക്കും.


**Nitta Gelatin India Limited**

REGD. OFFICE : 56/715, SBT Avenue, Panampilly Nagar, KOCHI, KL - 682036
(Corporate Identification Number : L24299KL1975PLC002691)
Email: investorcell@nitta-gelatin.co.in, Tel: +91- 484-2317805 / Fax : +91-484-2310568.

**STATEMENT OF STANDALONE AND CONSOLIDATED UNAUDITED FINANCIAL RESULTS FOR THE QUARTER AND NINE MONTHS ENDED 31 DECEMBER 2022** (₹ in Lakhs, except per share data)

| Sl. No. | Particulars | STANDALONE | | | | | | CONSOLIDATED | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | Quarter Ended | | | Nine months Ended | | Year Ended | Quarter Ended | | | Nine months Ended | | Year Ended |
| | | 31-Dec-22 | 30-Sep-22 | 31-Dec-21 | 31-Dec-22 | 31-Dec-21 | 31-Mar-22 | 31-Dec-22 | 30-Sep-22 | 31-Dec-21 | 31-Dec-22 | 31-Dec-21 | 31-Mar-22 |
| | | Unaudited | Unaudited | Unaudited | Unaudited | Unaudited | Audited | Unaudited | Unaudited | Unaudited | Unaudited | Unaudited | Audited |
| 1 | Total Income from Operations | 11,961.25 | 12,940.47 | 11,731.41 | 36,237.60 | 31,547.34 | 43,431.86 | 13,972.88 | 14,594.68 | 14,028.10 | 42,021.59 | 36,823.67 | 51,055.40 |
| 2 | Net Profit / (Loss) for the period ( before Tax, Exceptional and Extra ordinary items) | 2,652.71 | 2,048.81 | 1,343.16 | 5,891.90 | 2,519.13 | 3,761.06 | 3,334.84 | 2,170.27 | 1,844.39 | 7,298.39 | 3,075.71 | 4,915.84 |
| 3 | Net Profit / (Loss) for the period before Tax ( after Exceptional and Extra ordinary items) | 2,652.71 | 2,048.81 | 1,343.16 | 5,891.90 | 2,519.13 | 3,761.06 | 3,631.71 | 2,170.27 | 1,844.39 | 7,595.26 | 3,075.71 | 4,915.84 |
| 4 | Net Profit / (Loss) for the period after Tax ( after Exceptional and Extra ordinary items) | 2,074.76 | 1,573.67 | 950.19 | 4,493.04 | 1,790.96 | 2,659.70 | 2,879.53 | 1,536.76 | 1,327.84 | 5,712.52 | 2,174.28 | 3,484.70 |
| 5 | Total Comprehensive Income for the period [Comprising Profit/ (Loss) for the period (after tax) and Other Comprehensive Income (after tax)] | 2,023.19 | 1,753.06 | 988.95 | 4,368.84 | 1,734.32 | 2,433.77 | 2,827.09 | 1,748.16 | 1,374.74 | 5,583.27 | 2,115.27 | 3,247.50 |
| 6 | Equity Share Capital | 907.92 | 907.92 | 907.92 | 907.92 | 907.92 | 907.92 | 907.92 | 907.92 | 907.92 | 907.92 | 907.92 | 907.92 |
| 7 | Reserves (excluding Revaluation Reserves) as shown in the Audited Balance Sheet of the previous year. | - | - | - | - | - | 17,563.76 | - | - | - | - | - | 19,179.49 |
| 8 | Earnings Per Share ( Face Value Rs.10/-each) (not annualised) a) Basic: (₹) | 22.85 | 17.33 | 10.47 | 49.49 | 19.73 | 29.29 | 30.02 | 16.12 | 13.93 | 59.62 | 22.82 | 36.26 |
| | b) Diluted: (₹) | 22.85 | 17.33 | 10.47 | 49.49 | 19.73 | 29.29 | 30.02 | 16.12 | 13.93 | 59.62 | 22.82 | 36.26 |

**Notes:**

1. The above unaudited financial results have been reviewed by the Audit Committee and approved by the Board of Directors at their respective meetings held on 8 February 2023 . The same has been subjected to limited review by the Statutory Auditors of the Company.
2. The above is an extract of the detailed format of Quarterly and Year to date Financial Results filed with the Stock Exchange under Regulation 33 of the SEBI (Listing and Other Disclosure Requirements) Regulations, 2015. The full format of the Quarterly and Year to date Financial Results are available on the stock exchange website - www.bseindia.com and on the company's website - www.gelatin.in
3. These unaudited financial results have been prepared in accordance with Indian Accounting Standards (Ind AS) prescribed under Section 133 of the Companies Act , 2013 read with the relevant rules thereunder and in terms of Regulation 33 of the SEBI (Listing Obligations and Disclosure Requirements) Regulations, 2015, as amended.
4. "Performance of the plant in Reva Division, Bharuch of the Company is reported as a cost centre for products used captively for manufacture of Gelatin and profit centre for products sold to external customers (""including Group Company""). In the opinion of the management the utilisation of the capacity in this plant is important to ensure that the Gelatin capacity of the Company is fully utilised. In view of the existence of certain indicators of impairment of assets of the Company in this plant, the Company was conducting impairment testing of the carrying value of all Property, Plant and Equipment in this plant till 31 December 2021 in the manner prescribed in Ind AS 36 and necessary provision for impairment of assets was carried in the books.
   As directed by the Board of Directors vide their meeting dated 7 February 2022, management performed a comprehensive technical and financial evaluation to identify the fundamental cause behind the lower margin at the division. To comply with pollution control board guidelines the company needs to incur additional expense to manufacture one of the products exported from the division. The management was not utilising the installed capacity in full due to the higher manufacturing cost as mentioned above. In the opinion of management, the manufacture and sale of this product would qualify as a cash generating unit (""CGU"") as per Ind AS 36 as it represents an identifiable group of assets that generates cash inflows that are largely independent of the cash inflows from other assets or groups of assets. Consequently, an impairment testing of the carrying value of certain identified Property, Plant and Equipment used for manufacture of this product as at 31 December 2022 was carried out in the manner prescribed in Ind AS 36 and provision for impairment amounting to ₹ 531.95 Lakhs is carried in the books, which is considered to be adequate."
5. As per approved policy for risk mitigation against foreign exchange rate fluctuations, the Company takes forward foreign exchange contract for USD denominated current and future receivables. Ind AS 109 mandates recognition of cash flow hedge in situations where hedge effectiveness can be established for the hedged item and the hedging instrument and the Company was recognizing Mark to Market ("MTM") gain or loss in other comprehensive income till 30 June 2022. As a matter of prudence and the future challenges in establishing hedge effectiveness for cash flow hedge, the Company recognized the MTM loss on outstanding forward foreign exchange contracts amounting to ₹ 396.00 Lakhs in the profit and loss account for the quarter and the half year ended 30 September 2022. Certain forward foreign exchange contracts were cancelled / utilised during the quarter ended 31 December 2022 and the incremental loss was accounted in the statement of profit and loss for the quarter then ended. The MTM loss on the remaining forward foreign exchange contracts as on 31 December 2022 is ₹ 334.26 Lakhs.
6. Other income for the quarter ended 30 September 2022, nine months ended 31 December 2022, nine months ended 31 December 2021 and year ended 31 March 2022 includes dividend of ₹ 472.50 Lakhs, ₹ 472.50 Lakhs, ₹ 175.00 Lakhs and ₹ 175.00 Lakhs respectively, received from the subsidiary company.
7. In accordance with National Highways Authority Of India's ("NHAI") notification dated 26 May 2019 and subsequent communication by Sub Divisional Officer and Competent Land Acquisition Authority,Ballarpur,a portion of the land belonging to the subsidiary company,Bamni Proteins Ltd has been compulsorily acquired by NHAI .The compensation amounting to ₹ 303.95 Lakhs including interest was received on 12 January 2023 .Compensation, net of written down value, amounting to ₹ 296.87 Lakhs has been accounted under "Exceptional item" in the consolidated financial results for the quarter and nine months ended 31 December 2022 . The company has reserved the right for higher compensation and has filed an appeal for arbitration before the competent authority.
8. During the current quarter, the management has decided to exercise the option permitted under Section 115BAA of the Income-tax Act, 1961 as introduced by the Taxation Laws (Amendment) Act, 2019. Accordingly, the deferred tax liabilities (net) as at 31 March 2022 and the estimate of tax expense for the year ended 31 March 2023 have been re-measured. Consequently, deferred tax expense for quarter and nine months ended 31 December 2022 includes a charge of ₹ 22.96 lakhs, net of Minimum Alternate Tax ("MAT") credit written off amounting to ₹ 109.00 Lakhs.The subsidiary company,Bamni Proteins Limited had adopted Section 115BAA of the Income-tax Act, 1961 in the financial year 2019-20.
9. The Board of Directors of the Company, at its meeting held on 2 January 2023 has approved the issuance of equity shares of the Company having face value of ₹ 10/- each, on a rights basis to eligible equity shareholders of the Company as on the record date ("to be determined and notified later") for an amount of upto ₹ 4,077.00 Lakhs, in accordance with the relevant SEBI Regulations, the Companies Act, 2013 and other applicable laws / regulations and subject to such regulatory and statutory approvals, as may be required in this regard.
10. Previous period/year's figures have been regrouped/reclassified wherever necessary to correspond with the current period's classification.

For NITTA GELATIN INDIA LIMITED
Sd/-
Philip Chacko M,
Managing Director
DIN : 01219764

Place: Kochi
Date: 8th February 2023